Deshabhimani 17.12.17



► കേരളശ്രീ അഗ്രോ ഹൈപ്പർ ബസാർ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

# കേരളശ്രീ അഗ്രോ ഹൈപ്പർ ബസാർ മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു

## കാർഷിക വിഭവങ്ങളും യന്ത്രസാമഗ്രികളും ഒരു കുടക്കീഴിൽ

**തൃശൂർ** > കൃഷിയിടത്തിലേക്കുള്ള ഉപകരണങ്ങളും യന്ത്രസാമഗ്രികളും കാർഷിക വിഭവങ്ങൾ കൊണ്ടുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന സംസ്ഥാനത്തെ ആദ്യത്തെ കേരളശ്രീ അഗ്രോ ഹൈപ്പർ ബസാർ തൃശൂരിൽ തുറന്നു. ചെമ്പൂക്കാവിലെ അഗ്രികൾച്ചർ കോംപ്ലക്സിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഗ്രോഹൈപ്പർ ബസാറിന്റെ ഉദ്ഘാടനം നിർവഹിച്ചു.

കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ഒരുക്കിയ ഹൈപ്പർ ബസാറിന്റെ രണ്ടു നിലകളിൽ കാർഷികോൽപ്പന്ന വിഭവങ്ങളുടെ സമൃദ്ധമായ ശേഖരമുണ്ട്. കൂടാതെ കർഷകർക്ക് കൃഷിയിടത്തിലേക്ക് ആവശ്യമുള്ള എല്ലാ പണിസാമഗ്രികളും യന്ത്രങ്ങളും കുറഞ്ഞ നിരക്കിൽ ലഭിക്കും. സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള ഉൽപ്പന്നം കൂടാതെ തമിഴ്നാട്, ഹിമാചൽ പ്രദേശ്, കശ്മീർ സംസ്ഥാനങ്ങളിൽ നിന്നുള്ള സുഗന്ധദ്രവ്യങ്ങൾ അടക്കമുള്ള പ്രത്യേക വിഭവങ്ങളും ലഭിക്കും.

ചടങ്ങിൽ മന്ത്രി വി എസ് സുനിൽകുമാർ അധ്യക്ഷനായി. ആദ്യ വിൽപ്പന മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് നിർവഹിച്ചു. മേയർ അജിത ജയരാജൻ, കെ വി അബ്ദുൾഖാദർ എംഎൽഎ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ പി രാധാകൃഷ്ണൻ, ഡെപ്യൂട്ടി മേയർ ബീന മുരളി, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ, കൃഷിവകുപ്പ് ഡയറക്ടർ എം എം സുനിൽകുമാർ, കൗൺസിലർ കെ മഹേഷ്, എ വി വല്ലഭൻ, കാർഷിക സർവകലാശാല എക്സ്റ്റൻഷൻ ഡയറക്ടർ ഡോ. ജിജു പി അലക്സ്, പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ അബ്ദുൾമജീദ്, കെയ്കോ ഡയറക്ടർബോർഡ് അംഗങ്ങളായ ഇ എൻ സുരേഷ്ബാബു, കെ അജിത്, ഇ കെ ശിവൻ, പി വി സത്യനേശൻ, എച്ച് രാജീവൻ, സി ആർ ലോഹി, സുരേഷ്കുമാർ എന്നിവർ സംസാരിച്ചു. അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ മാനേജിങ് ഡയറക്ടർ പി സുരേഷ്ബാബു പദ്ധതി വിശദീകരിച്ചു. കെയ്കോ ചെയർമാൻ സുൽഫിക്കർ മയൂരി സ്വാഗതം പറഞ്ഞു.